# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 25, വൈകുന്നേരം 5.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 09 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്ന് ഓരോരുത്തർക്കും പത്തനംതിട്ട, പാലക്കാട് ജില്ല കളിൽ നിന്നുള്ള 2 പേർക്കും, എറണാകുളം ജില്ലയിൽ നിന്നുള്ള 3 പേർക്കും, രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. നിലവിൽ ചികിത്സയിലുണ്ടായി രുന്ന 2 പേരെ പരിശോധനഫലം നെഗറ്റീവ് ആയതിനെ തുടർന്ന് ഡിസ്ചാർജ് ചെയ്തു അങ്ങനെ രോഗം സ്ഥിരീകരിച്ച 112 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. - ഇന്ന് 195 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരള ത്തിലാകമാനം 76542 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 76010 പേർ വീടുകളിലും 532 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 4902 സാമ്പിളുകൾ പരിശോധിച്ചതിൽ 3465 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്ത നങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

അംഗൻവാടി വഴി കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. അതിനുശേഷം അംഗൻവാടി പ്രവർത്തകർ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഗൃഹസന്ദർശനം നടത്തുന്നു. ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ തുടർചികിത്സ ഇംഹാൻസ് ഓൺലൈൻ ആയി മാതാപിതാക്കളെ പരിശീലിപ്പിച്ച് നടത്തിവരുന്നു. കാഴ്ച കുറവുള്ള വർക്ക് വകുപ്പ് നൽകിയ മൊബൈൽ വഴി ബോധവത്ക്കരണം നടത്തിവരുന്നു. ഭിന്നലിം ഗക്കാർക്ക്പാർപ്പിടവും ഭക്ഷണവും ഏർപ്പാടാക്കുന്നു.

## ചീഫ് സെക്രട്ടറി

അതിർത്തികളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന്റെ ചുമതല ഗതാഗത വകുപ്പ് സെക്രട്ടറിയ്ക്കാണ്. ചീഫ് സെക്രട്ടറിമാർ ഗതാഗതം സുഗമാകുമെന്ന് ഉറപ്പു നൽകുന്നു ണ്ടെങ്കിലും താഴെത്തട്ടിൽ പ്രശ്നമാകുന്നുണ്ട്.

ലഭ്യമായിട്ടുള്ള സർക്കാർ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളുടെ കണക്കും, സർക്കാർ-സ്വകാര്യ മേഖലയിലുള്ള ഹോസ്റ്റലുകളുടെ കണക്കും ദുരന്തനിവാരണ അതോറിറ്റി ശേഖരിച്ചിട്ടുണ്ട്.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കോവിഡ് 19 രോഗം ചികിത്സിക്കാൻ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കിടക്കകളുടെയും, വെന്റിലേറ്ററുകളുടെയും ആംബുലൻസുകളുടെയും കണക്കുകൾ അദ്ദേഹം പറഞ്ഞു. മെഡിക്കൽ പാരാമെഡിക്കൽ മറ്റ് വകുപ്പു ജീവനക്കാർ എന്നിവരുടെ പരിശീലനങ്ങൾ നടന്നു വരുന്നു. പരിശീലന മൊഡ്യൂളുകൾ എല്ലാ ഭാഷകളിലും ലഭ്യമാണ്. ജില്ലകളിൽ ആവശ്യമായ ജീവനക്കാരെ താത്ക്കാലികമായി നിയമിക്കുന്നതിനെക്കുറിച്ചുള്ള ഒരു വിശകലനവും അദ്ദേഹം നടത്തി. അടിയന്തര പ്രാധാന്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഓർഡർ നൽകിയതായും 87.33 കോടി രൂപയുടെ വ്യക്തി സുരക്ഷാ ഉപകരണങ്ങൾ, മാസ്കുകൾ തുടങ്ങിയ പ്രാധാന്യമുള്ള ഉപകരണങ്ങൾ ഓർഡർ നൽകിയതായും അദ്ദേഹം അറിയിച്ചു.

## മറ്റുള്ള ഉദ്യോഗസ്ഥർ

തദ്ദേശസ്വയംഭരണ വകുപ്പ് താഴെത്തട്ടിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അത് ഐ ടി മിഷനുമായി ബന്ധപ്പെട്ട് ക്രോഡീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ വഴി കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്നു. അങ്ങനെ ചെയ്യാൻ സാധിക്കാത്തവരിൽ നേരിട്ട് കാര്യങ്ങൾ അറിയിക്കാനും ശ്രമിച്ചുവരുന്നു. വിശദമായ വിവരങ്ങൾ നാളെ അറിയിക്കും. ഇതിനുശേഷം വീടുകളിൽ പോലീസ നിരീക്ഷണത്തിനു പോയതിന്റെ വിശദാംശങ്ങൾ ഐ ജി ശ്രീജിത്ത് ഐ പി എസ് യോഗത്തെ അറിയിച്ചു. നിരീക്ഷണത്തിലുള്ള 38467 വീടുകളും സമീപത്തുള്ള 28375 വീടുകളും ആരോഗ്യവകുപ്പ് ജീവനക്കാരും വോളന്റിയറും പോലീസും ഉൾപ്പെട്ട സ്ക്വാഡ് സന്ദർശനം നടത്തി. എന്നാൽ പോലീസുകാർക്ക് മാസ്കുകളുടെ ലഭ്യതക്കുറവുണ്ട്. വീടുകളിൽ രോഗലക്ഷണങ്ങൾ ഉള്ള 340 ഓളം ആൾക്കാർ ഉണ്ടെന്ന് ശ്രീ. ടി കെ. വിനോദ് കുമാർ എ ഡി ജി പി ഇന്റലിജൻസ് പറഞ്ഞു. നിരീക്ഷണത്തിലുള്ള കുടുംബത്തിൽ രോഗലക്ഷണം ആർക്കെങ്കിലും ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ എത്രയും പെട്ടെന്ന് ആരോഗ്യവകുപ്പിനെ അറിയിക്കുകയും ആശുപത്രിയിൽ എത്തിക്കേണ്ടതുമാണെന്ന് വിദഗ്ധ സമിതി അംഗം ഡോ ബി ഇക്ബാലും ആരോഗ്യ മന്ത്രിയും പറഞ്ഞു.

കാസർഗോഡ് 945 അധിക ബെഡുകളും 20 ഐ സി യുവും (47 ബെഡും) 8 വെന്റിലേറ്ററുകളും 51 ആംബുലൻസുകളും സ്വകാര്യ മേഖലയിൽ ഉണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയും അഭിപ്രായപ്പെട്ടു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതും രോഗികളുടെ എണ്ണം കൂടി വരുന്നതുമൂലം ഏറ്റവും കൂടുതൽ ആലോചിക്കേണ്ടതും തയ്യാറെടുപ്പുകൾ നടത്തേണ്ടതുമാണ്. (ചുമതല - ആരോഗ്യ വകുപ്പ്)
2. സാമ്പത്തികമായി കേന്ദ്രം എത്രത്തോളം സഹായിക്കുമെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. (ചുമതല - ധനകാര്യ വകുപ്പ്)
3. നമ്മുടെ നാട്ടിലേക്ക് സാധനങ്ങൾ വരുന്നതിനു തടസ്സം നേരിടുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനായി അതത് സംസ്ഥാനങ്ങളുമായി നടത്തിയ ചർച്ചകൾ എത്രത്തോളം വിജയകരമായിട്ടുണ്ടെന്ന് നോക്കണം. (ചുമതല - ഗതാഗത വകുപ്പ്)
4. പല അവശ്യ സാധനങ്ങളും തീർന്നു പോകുന്നതിനുള്ള സാധ്യതയുണ്ട്. (ചുമതല - ഭക്ഷ്യ വകുപ്പ്)
5. മേട്ടുപാളയത്തെ പച്ചക്കറി മാർക്കറ്റുകൾ അടച്ചതുമൂലം കേരളത്തിൽ പച്ചക്കറിയുടെ ലഭ്യത കുറയാൻ സാധ്യതയുണ്ട്. ((ചുമതല - ഭക്ഷ്യ വകുപ്പ്)
6. പുതുതായി അംഗീകാരം ലഭിച്ച ലാബുകൾ പ്രവർത്തനക്ഷമമായോ എന്ന് അന്വേഷിക്കണം. ഈ ലാബുകളിലേക്കുള്ള പരിശീലനം തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം (ചുമതല - ആരോഗ്യ വകുപ്പ്)
7. സംസ്ഥാനത്ത് കൊറോണ രോഗബാധ തടയുന്നതിനായി നല്ല രീതിയിലുള്ള തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇത് പൊതുജനങ്ങളിലേക്ക് എത്തിയിട്ടുണ്ടോയെന്ന് ശ്രദ്ധിക്കണം. ((ചുമതല - ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്)
8. കോവിഡ് കെയർ സെന്ററുകൾക്കായി പൊതു മാർഗ്ഗരേഖ തയ്യാറാക്കണം. (ചുമതല - ആരോഗ്യ വകുപ്പ്)
9. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വൈകിട്ട് 6 മണിവരെ ആയി പുന:ക്രമീകരിച്ചിട്ടുള്ളതിനാൽ ഈ ആശുപത്രികളിലെ ജീവനക്കാർക്ക് വേണ്ട താമസവും വാഹന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടോയെന്നും ഇവിടേക്ക് ആവശ്യമായ ജീവനക്കാരെ ഏർപ്പാടാക്കിയിട്ടുണ്ടോയെന്നും അന്വേഷിക്കണം. (ചുമതല - ആരോഗ്യ വകുപ്പ്)
10. രോഗവ്യാപനം ആരംഭിച്ച നാൾ മുതൽ വിശ്രമമില്ലാതെ ജോലി ചെയ്യുന്ന ആരോഗ്യ പ്രവർത്തകർ ക്ഷീണിതരാണോയെന്ന് വിലയിരുത്തണം. (ചുമതല - ആരോഗ്യ വകുപ്പ്)
11. സ്വകാര്യ ആശുപത്രികൾ കോവിഡ് കെയർ സെന്ററുകളായി വിട്ടു നൽകുന്നതിനായി തയ്യാറാകുന്നുണ്ട്. അഞ്ചരക്കണ്ടി ആശുപത്രി ഇതിനായി വിട്ടു നൽകിയിട്ടുണ്ട്. ആലഞ്ചേരി പിതാവ് സഭയുടെ എല്ലാ ആശുപത്രികളും വിട്ടു നൽകണമെന്ന് അിറയിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ആശുപത്രികളുടെ ഒരു പട്ടിക തയ്യാറാക്കണം. (ചുമതല - ആരോഗ്യ വകുപ്പ്)
12. പരിശോധനയുടെ വേഗത നമ്മൾ വിചാരിക്കുന്ന വേഗത്തിൽ ആയോ എന്നും പരിശോധനയ്ക്കാവശ്യമായ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ചും അന്വേഷിക്കണം. (ചുമതല - ആരോഗ്യ വകുപ്പ്)
13. സർക്കാർ വൃദ്ധജന പരിപാലന സ്ഥാപനങ്ങളിൽ കഴിയുന്നവർ സുരക്ഷിതരാണോയെന്ന് ഉറപ്പു വരുത്തണം. (ചുമതല - സാമൂഹ്യ സുരക്ഷ വകുപ്പ്)

14. അംഗനവാടിക്കുട്ടികളുടെ ഭക്ഷണകാര്യത്തിൽ എന്തെങ്കിലും അപാകതയുണ്ടോ യെന്ന് പരിശോധിക്കണം. (ചുമതല - സാമൂഹ്യ സുരക്ഷ വകുപ്പ്)
15. കോവിഡ് കെയർ സെന്ററുകളിൽ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കി കൊടുക്കണമെന്ന് ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരോട് ആവശ്യപ്പെട്ടു.
16. എസ് എൽ ബി സി യുമായി നടന്ന യോഗത്തിൽ അവർ എല്ലാം അംഗീകരിച്ചതാണ് എന്നാൽ ഇപ്പോൾ ജനുവരി മാസം തിരിച്ചടവുള്ളവർക്കു മാത്രമേ മൊറട്ടോറിയം നൽകു എന്ന് അറിയിച്ചിട്ടുണ്ട്. ഇതു ജനങ്ങൾക്ക് പ്രതികൂലമായി ബാധിക്കും. ഇക്കാര്യത്തിൽ സർക്കാർ ഇടപെടേണ്ടതായുണ്ട്. (ചുമതല - ധനകാര്യ വകുപ്പ്)
17. ക്ഷേമ പെൻഷൻ 2 ദിവസത്തിനുള്ളിൽ കൊടുക്കാൻ പറ്റുമോയെന്ന് അന്വേഷിക്കണം. (ചുമതല - ധനകാര്യ വകുപ്പ്)
18. ഒരു മാസത്തെ ഭക്ഷ്യധാന്യം എല്ലാവർക്കും സൗജന്യമായി നൽകുന്നതിന്റെ കൂട്ടത്തിൽ പലവ്യഞ്ജനങ്ങൾ അടങ്ങുന്ന ഒരു കിറ്റുകൂടി നൽകാനുള്ള നടപടി സ്വീകരിക്കണം. (ചുമതല - ഭക്ഷ്യ വകുപ്പ്)
19. ഭക്ഷ്യധാന്യങ്ങളുടെ ജില്ല തിരിച്ചുള്ള സ്റ്റോക്ക് കളക്ടർമാർ എടുക്കണം. (ചുമതല - ജില്ലാ കളക്ടർമാർ)
20. ഇരുപത്തി ഒന്ന് ദിവസം പ്രഖ്യാപിച്ചിട്ടുള്ള ലോക്ക് ഡൗൺ കൂടുതൽ നാളേക്കു നീട്ടാൻ ഇടയായാൽ വേണ്ട കാര്യങ്ങൾ കൃത്യമായി തയ്യാറെടുപ്പ് വേണം. ഭക്ഷ്യ സാധനങ്ങൾ എങ്ങനെ എത്തിക്കാൻ കഴിയും എന്ന് ആലോചിക്കണം (ചുമതല തദ്ദേശസ്വയം ഭരണ, ഭക്ഷ്യ വകുപ്പ്).
21. നിരീക്ഷണത്തിലുള്ളവരെ ബോധവൽക്കരിക്കുന്നതിനായി തയ്യാറെടുപ്പ് എടുത്തിട്ടുണ്ടോയെന്നും ഇവർക്ക് ഭക്ഷണ സാധനം എത്തിച്ചു കൊടുക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തണം. (ചുമതല തദ്ദേശസ്വയം ഭരണ, ആരോഗ്യ വകുപ്പ്).
22. അതിഥി തൊഴിലാളികൾക്ക് ഭക്ഷണം താമസസൗകര്യവും നൽകുന്നതിനായി തീരുമാനിച്ചിരുന്നു. എന്നാൽ ഇത് എല്ലായിടത്തും നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. (ചുമതല ആഭ്യന്തരവകുപ്പ് /തദ്ദേശസ്വയം ഭരണ വകുപ്പ്).
23. ഒറ്റയ്ക്ക് കഴിയുന്നവർ, ദിവസവേതനക്കാർ, അഗതികൾ, കിടപ്പു രോഗികൾ, മാനസിക രോഗികൾ, ഒറ്റയ്ക്കു താമസിക്കുന്ന സ്ത്രീകൾ എന്നിവർക്ക് വേണ്ട കാര്യങ്ങൾ എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കണം. (ചുമതല തദ്ദേശസ്വയം ഭരണ വകുപ്പ്).
24. ഇനിയും കൂടുതൽ സന്നദ്ധ പ്രവർത്തകരുടെ ആവശ്യം വേണ്ടി വരും. ഇവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടി വരും. (ചുമതല - ആരോഗ്യ വകുപ്പ്)
25. പ്രാദേശിക വ്യാപാര സ്ഥാപനങ്ങൾ വീടുകളിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. (ചുമതല - ഭക്ഷ്യ വകുപ്പ്)
26. ആദിവാസി മേഖലകളിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. (ചുമതല എസ് സി എസ് റ്റി വകുപ്പ്).
27. പലയിടങ്ങളിലും ഹൃദ്രോഗികൾ വൃക്ക മാറ്റിവച്ചവർ, ഡയാലിസിസ്സ് വിധേയരാകുന്നവർ തുടങ്ങിയവരുടെ എണ്ണം കൂടുതലാണ് ഇവരുടെ പട്ടിക തയ്യാറാക്കണം. (ചുമതല തദ്ദേശസ്വയംഭരണ വകുപ്പ്).

28. രോഗികളുമായി ആശുപത്രിയിലേക്ക് പോകുന്ന ആംബുലൻസുകൾ തടയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങളിൽ പോലീസ് കൂടുതൽ വിവേചന ബുദ്ധി കാണിക്കേണ്ടതാണ്. (ചുമതല - ആഭ്യന്തര വകുപ്പ്)
29. സ്വകാര്യ വാഹനങ്ങളിൽ വീടുകളിലേക്ക് തിരികെ പോകുന്നവരെ സമ്മത പത്രം വാങ്ങി ഉറപ്പു വരുത്തിയ ശേഷം പോകാൻ അനുവദിക്കാവുന്നതാണ്. (ചുമതല - ആഭ്യന്തര വകുപ്പ്)
30. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നൽകിയിരുന്ന സ്ഥിരം മരുന്നുകളുടെ ലഭ്യത പരിശോധിച്ച് ഉറപ്പു വരുത്തണം. (ചുമതല - ആഭ്യന്തര, തദ്ദേശസ്വയംഭരണ വകുപ്പ്)
31. മറ്റു സംസ്ഥാനങ്ങളിൽ കഴിയുന്നവർ അവിടെ തന്നെ തുടരണം. എന്നാൽ സംസ്ഥാന അതിർത്തികളിൽ എത്തിയവരെ 14 ദിവസത്തെ നിരീക്ഷണത്തിൽ പാർപ്പിക്കേണ്ടതാണ്. (ചുമതല - ആരോഗ്യ വകുപ്പ്)
32. കാസർഗോഡ് ജില്ലയിലെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. നിലവിൽ അവിടെ രണ്ട് സാംമ്പിൾ കളക്ഷൻ കേന്ദ്രങ്ങളെ ഉള്ളൂ. പതിനഞ്ച് ഐ സി യു കൾ മാത്രമാണ് ഉള്ളത്. ആരോഗ്യവകുപ്പിന്റെ കീഴിൽ ആറും, ഐ എം എ യുടെ കീഴിലുള്ള പതിനഞ്ച് ആംബുലൻസുകളും മാത്രമാണ് ഉള്ളത്. സ്വകാര്യ ആശുപത്രികളിലെ ഐ സി യു സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കണം. (ചുമതല - ആരോഗ്യ വകുപ്പ്)
33. കാസർഗോഡ് പുതുതായി നിർമ്മിക്കുന്ന മെഡിക്കൽ കോളേജിന്റെ കെട്ടിടം പ്രൈവറ്റ് നഴ്സിംഗ് കോളേജുകളുടെ കെട്ടിടങ്ങൾ എന്നിവ പ്രയോജനപ്പെതുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കണം. (ചുമതല - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്)
34. നിലവിൽ വാഹനങ്ങളുടെ ചുമതല കാഞ്ഞങ്ങാട് മെഡിക്കൽ സൂപ്രണ്ടിനാണ്. ഇത് പോലീസ് - ആർ റ്റി ഒ ഏറ്റെടുക്കണം. (ചുമതല - ഗതാഗത വകുപ്പ്)
35. കാസർഗോഡ് എല്ലാവരും സുരക്ഷിത അകലം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. (ചുമതല - ജില്ലാ കളക്ടർ കാസർഗോഡ്)
36. അവസാനവർഷ മെഡിക്കൽ പാരാ മെഡിക്കൽ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്താനാവുമോ എന്ന് പരിശോധിക്കണം. (ചുമതല - ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്)
37. സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പട്ടിക തയ്യാറാക്കി സുരക്ഷിതത്വം ഉറപ്പാക്കി അവരെ ഉപയോഗപ്പെടുത്തണം. (ചുമതല - ആരോഗ്യ വകുപ്പ്)
38. വാഹനങ്ങളുടെ ക്ഷമതാപരിശോധനാ കാലാവധി നീട്ടി നൽകണം. (ചുമതല - മോട്ടോർ വാഹന വകുപ്പ്)
39. മാലിന്യം കൊണ്ടുപോകാനുള്ള വാഹനങ്ങൾക്ക് തടസ്സം ഉണ്ടാകാൻ പാടില്ല. മാലിന്യം ശേഖരിക്കാൻ വരുന്ന ജീവനക്കാർക്ക് ലോക്ക്ഡൗൺ കാരണം എത്തിച്ചേരാൻ കഴിയുന്നില്ല. കോർപ്പറേഷൻ വാഹനങ്ങൾ, കെ എസ് ആർ ടി സി വാഹനങ്ങൾ സർവ്വീസ് നടത്തി അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, കെ എസ് ആർ ടി സി)
40. പരിശോധനകൾ നടത്തുമ്പോൾ പോലീസുകാർ സുരക്ഷാ ക്രമീകരണം നടത്തുവാൻ ശ്രദ്ധിക്കണം. മൈസൂർ, ബാംഗ്ലൂർ, ഊട്ടി എന്നിവിടങ്ങളിൽ നിന്നും ഇനി പച്ചക്കറി എത്തുകയില്ല. അതിനാൽ പച്ചക്കറി ലഭ്യതയുടെ കാര്യം പരിശോധിക്കണം. (ചുമതല - ഹോർട്ടികോർപ്പ്)

41. കുട്ടനാട്, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നെൽകൊയത്ത് നടത്തണം. മില്ലുകളിൽ സംസ്ക്കരിക്കാൻ പറ്റാത്തത് പ്രാദേശികമായി സൂക്ഷിക്കാനുള്ള സംവിധാനം ഒരുക്കണം (ചുമതല - കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)
42. ആരോഗ്യ പ്രവർത്തകർ വീടുകളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തണം (ചുമതല - ആരോഗ്യ വകുപ്പ്)
43. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, പ്രായം ചെന്നവർ എന്നിവർക്ക് ബോധവത്ക്കരണം അംഗനവാടി പ്രവർത്തകർ വഴി നടപ്പിലാക്കണം. (ചുമതല - സോഷ്യൽ വെൽഫയർ വകുപ്പ്)
44. ശിശുസംരക്ഷണ സമിതിയുടെ അംഗങ്ങളുടെ സമയബന്ധിതമായ ഒത്തുചേരൽ പോലീസ് സഹായത്തോടെ നടക്കേണ്ടതുണ്ട്. (ചുമതല - ആഭ്യന്തര വകുപ്പ്, ശിശുസംരക്ഷണ വകുപ്പ്)
45. ഗാർഹിക പീഢന കേസുകളും വർദ്ധിക്കുന്നുണ്ട്. പി എച്ച് സി കളുടെ പ്രവർത്തനം ആറു മണി വരെ ദീർഘിപ്പിച്ചപ്പോൾ പുതുതായി നിയമിച്ച ഡോക്ടർമാരുടെ കണക്ക് എത്ര പേർക്ക് താമസവും വാഹനസൗകര്യവും ഒരുക്കേണ്ടതുണ്ട് എന്നതിന്റെ കണക്ക് എടുക്കേണ്ടതുണ്ട്. (ചുമതല - ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)
46. വ്യക്തി സുരക്ഷ ഉപകരണങ്ങളുടെ ശേഖരം കുറഞ്ഞുവരുകയാണ്. തൊണ്ടയിലെ സ്രവപരിശോധനയ്ക്കുള്ള സ്വാബിന്റെ എണ്ണവും കുറഞ്ഞുവരുകയാണ്. ഇത് അധികമായി കണ്ടെത്തേണ്ടതുണ്ട്. (ചുമതല - ആരോഗ്യ വകുപ്പ്)
47. ഏറ്റെടുക്കാനാവുന്ന സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതുണ്ട് (ചുമതല - ജില്ലാ കളക്ടർമാർ)
48. കാസർഗോഡ് മെഡിക്കൽ കോളെജിനെ ചികിത്സാ കേന്ദ്രം ആക്കാൻ ആകുമോ എന്ന് പരിശോധിക്കണം. (ചുമതല - കാസർഗോഡ് ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ്)
49. ഹോസ്റ്റലുകളുടെ ഉപയോഗ ക്ഷമത ഉന്നത വിദ്യാഭ്യാസ സെക്രട്ടറി പരിശോധിക്കേണ്ടതാണ്. മാത്രമല്ല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള പി സി ആർ ഉപകരണങ്ങൾ ഉപയോഗിക്കാനാകുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. ഈ കേന്ദ്രങ്ങളിലെ ജീവനക്കാരെ ആരോഗ്യ വകുപ്പ് പരിശീലിപ്പിക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് ഒരു നോഡൽ ആഫീസറെയും ചുമതലപ്പെടുത്തേണ്ടതാണ് (ചുമതല - ഉന്നത വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്)
50. വ്യവസായ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയെ സഹായിക്കുന്നതിനായി ശ്രീ വെങ്കിടപതി, ശ്രീ മിർ മുഹമ്മദ് എന്നീ രണ്ട് ആഫീസർമാരെ നിയമിച്ചിട്ടുണ്ട്.
51. ഹോർട്ടികൾച്ചർ കോർപ്പറേഷൻ 150 ഔട്ട്ലെറ്റുകൾ ഉടനെ ആരംഭിക്കും. പക്ഷേ അവരെ അവശ്യസർവ്വീസ് പട്ടികയിൽ കടകളുടെ ഗണത്തിൽപ്പെടുത്തി ഉത്തരവ് ഇറക്കേണ്ടതാണ് (ചുമതല - കൃഷി വകുപ്പ്)
52. നിലവിൽ നാനൂറിൽപ്പരം മാവേലി സ്റ്റോറുകൾ ഉണ്ട്. ജനങ്ങളുടെ ആവശ്യമനുസരിച്ച് ഇവിടങ്ങളിൽ നിന്ന് സാധനങ്ങൾ ഇവർവഴി എത്തിക്കാമോ എന്ന് പരിശോധിക്കേണ്ടതാണ്. (ചുമതല - ഭക്ഷ്യ വകുപ്പ്)
53. എഫ് സി ഐ ഗോഡൗണുകളിൽ ആറുമാസത്തേയ്ക്കു കൂടിയുള്ള ഭക്ഷ്യധാന്യങ്ങളുടെ സംഭരണം ഉണ്ടെന്ന് ഭക്ഷ്യവകുപ്പ് സെക്രട്ടറി അറിയിച്ചു. സപ്ലൈകോയുടെ പക്കലും റേഷൻ വിതരണത്തിനാവശ്യമായ സംഭരണം ഉണ്ട്. എന്നാൽ ധാന്യങ്ങളുടെ സംഭരണം കുറവാണ്. ഇതിനായി നാഫെഡിനോട് ചോദിച്ചിട്ടുണ്ട്. വീടുകളിലേയ്ക്ക് സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ എത്തിക്കാൻ

സൊമാറ്റോ എന്ന ഭക്ഷ്യവിതരണ ശൃംഖല സമ്മതമറിയിച്ചിട്ടുണ്ട്. ഇതിന്റെ പ്രായോഗികത സപ്ലൈകോ പരിശോധിക്കേണ്ടതാണ്. (ചുമതല - ഭക്ഷ്യവകുപ്പ്)

54. പച്ചക്കറികളുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയും വില അധികമായാണോ കടകളിൽ നിന്ന് വാങ്ങുന്നതെന്ന് ജില്ലാ കളക്ടറുടെ സ്ക്വാഡ് പരിശോധിക്കേണ്ടതുണ്ട്. (ചുമതല - ജില്ലാ കളക്ടർമാർ)
55. എല്ലാ ജില്ലകളിലും പ്രതിമാസ റേഷൻ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. (ചുമതല - ഭക്ഷ്യവകുപ്പ്)
56. ഓപ്പൺ മാർക്കറ്റിലുള്ള അരി, മറ്റ് ധാന്യങ്ങൾ എന്നിവയുടെ സംഭരണശേഷി പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. (ചുമതല - ഭക്ഷ്യവകുപ്പ്, ജില്ലാ കളക്ടർമാർ)
57. കെ എസ് ഇ ബി എൽ ആരോഗ്യ വകുപ്പിന് 50 കോടി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. രണ്ട് ചീഫ് എഞ്ചിനീയർമാരെ കൂടി നൽകണം (ചുമതല - കെ എസ് ഇ ബി)
58. വിതരണ ശൃംഖലയ്ക്ക് കോട്ടം തട്ടാതിരിക്കാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണം (ചുമതല - ഭക്ഷ്യ വകുപ്പ്)
59. പലവ്യഞ്ജനങ്ങൾ പൊതുജനങ്ങൾക്ക് നൽകാനാകുമോ എന്ന് പരിശോധിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിനായി സ്വകാര്യ ഏജൻസികളുമായി ചർച്ച നടത്തണം (ചുമതല - ഭക്ഷ്യവകുപ്പ്)
60. അവശ്യ സർവ്വീസുകളുടെ ഗണത്തിൽ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് ഇറക്കണം (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)
61. ബാങ്കുകളെകൂടി അവശ്യസർവ്വീസിൽപ്പെടുത്തണമെന്ന് എസ് എൽ ബി സി അഭിപ്രായപ്പെട്ടതായി ബഹു. മുഖ്യമന്ത്രി പറഞ്ഞു. അത് പരിശോധിക്കണം. (ചുമതല - ധനകാര്യ വകുപ്പ്)
62. കേബിൾ ടി വി നിരക്ക് ഒരു മാസത്തേയ്ക്ക് മുൻകൂറായി നൽകുന്നത് ക്രെഡിറ്റായി നൽകണം (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)
63. ഇന്റർനെറ്റ് സേവനദാതാക്കളുടെ ബാൻഡ് വിഡ്ത് ഉറപ്പാക്കണം (ചുമതല - ഐ ടി വകുപ്പ്)
64. സിനിമ രംഗത്തെ വാഹനങ്ങൾ നമ്മുടെ ആവശ്യങ്ങൾക്കായി വിട്ടുതരാമെന്ന് അവരുടെ ഒരു സംഘടന അറിയിച്ചിട്ടുണ്ട്. (ചുമതല - സാംസ്കാരിക വകുപ്പ്)

യോഗം വൈകിട്ട് 5.30 മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
4. ചീഫ് സെക്രട്ടറി
5. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. ഡി ജി പി
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
9. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
12. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. പ്ലാനിംഗ് ബോർഡ് മെമ്പർ
26. ഡി പി ഐ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ